ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19.05.2025

പ്രധാന വാർത്തകൾ

TIME:12.50PM

1. ഇന്ത്യ- പാകിസ്ഥാൻ വെടിനിർത്തൽ കരാറിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്ന് സൈനിക വൃത്തങ്ങൾ. ഇരു രാജ്യങ്ങളും തമ്മിലെ വിദേശ നയവുമായി ബന്ധപ്പെട്ട പുതിയ സംഭവവികാസങ്ങൾ വിദേശകാര്യ സെക്രട്ടറി ഇന്ന് പാർലമെന്ററി സ്റ്റാൻറിങ് കമ്മിറ്റിയെ ധരിപ്പിക്കും.

   **No expiry date set for India-Pakistan ceasefire agreement, says Indan Army. Foreign Secretary to brief Parliamentary Standing Committee on latest developments in foreign policy between the two countries today.**

2. രാജ്യത്തെ, ആഗോള ഭക്ഷ്യ കലവറയാക്കി മാറ്റുകയാണ് സർക്കാറിന്റെ ലക്ഷ്യമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan has said that the government's goal is to turn the country into a global food basket.**

3. വിരമിച്ച എല്ലാ ജഡ്ജിമാർക്കും വൺ റാങ്ക് വൺ പെൻഷൻ തത്ത്വം ബാധകമാണെന്ന് സുപ്രീം കോടതി.

**Supreme Court upholds the principle of "One Rank, One Pension" for all retired judges.**

4. സമൂഹ മുന്നേറ്റത്തിന് ഉത്തേജനം പകരുന്ന നിലപാടാണ് കേരളത്തിന്റെ സാംസ്കാരിക രംഗം എക്കാലവും സ്വീകരിച്ചിട്ടുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that Kerala's cultural society has always adopted a stance that encourages social progress.**

5. കേരളത്തിൽ അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

   **The Indian Meteorological Department has predicted heavy rains in Kerala for the next five days. Orange alert in four districts today.**

6. ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടന പതിപ്പിന് ഇന്ന് ദിയുവിലെ ഗോഗ്ല ബീച്ചിൽ തുടക്കം.

   **The inaugural edition of the Khelo India Beach Games will kick off today at the pristine Ghoghla Beach in Diu.**

&&&&&&&&&&&&&&&&&&

**HEADLINE-1**

## ARMY CEASEFIRE

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാർ ഇന്നലെ അവസാനിച്ചു എന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത

തള്ളി ഇന്ത്യൻ സൈന്യം. ഇരു രാജ്യങ്ങളുടെയും ഡിജിഎംഒമാർ തമ്മിൽ ഇന്നലെ ചർച്ചകൾ നടന്നിട്ടില്ല. ഈ മാസം 12ന് നടത്തിയ ചർച്ചയിൽ സംഘർഷങ്ങൾക്ക് വിരാമമിടാൻ തീരിച്ചിരുന്നെന്നും അതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

*********************

**HEADLINE-1a**

## FS BRIEFING

ഇന്ത്യ-പാകിസ്ഥാൻ വിദേശ നയവുമായി ബന്ധപ്പെട്ട പുതിയ സംഭവവികാസങ്ങൾ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ഇന്ന് പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റിയെ ധരിപ്പിക്കും. ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും തുടർന്നുണ്ടായ വെടിനിർത്തൽ സംബന്ധിച്ചും വിദേശകാര്യ സെക്രട്ടറി വിശദീകരിക്കും. ഇന്ത്യൻ മഹാസമുദ്ര തന്ത്രത്തിന്റെ പശ്ചാത്തലത്തിൽ സമുദ്ര സുരക്ഷയുമായി ബന്ധപ്പെട്ട് വിദേശകാര്യ - പ്രതിരോധ മന്ത്രാലയ പ്രതിനിധികൾ വാക്കാൽ നൽകിയ തെളിവുകളെക്കുറിച്ചും വിക്രം മിശ്രി കമ്മിറ്റിയെ അറിയിക്കും.

*********************

## JK - SCHOOLS

ഇന്ത്യ- പാക് സംഘർഷത്തെത്തുടർന്ന് ജമ്മു കശ്മീരിലെ ജമ്മു ഡിവിഷനിൽ അടഞ്ഞുകിടന്ന എല്ലാ സർക്കാർ/സ്വകാര്യ സ്കൂളുകളും ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കും. ജമ്മു സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റാണ് സ്‌കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ നിർദേശം നൽകിയത്. സുരക്ഷിതവും സുഗമവുമായ പ്രവർത്തനം ഉറപ്പാക്കാൻ പ്രാദേശിക ഭരണകൂടവുമായി നിരന്തര ബന്ധം പുലർത്താൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**********************

HEADLINE-2

## SIVARAJ SINGH CHOUHAN (INTRO)

രാജ്യത്തെ, ആഗോള ഭക്ഷ്യ കലവറയാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വികസിത് കൃഷി സങ്കൽപ്പ് അഭിയാനുമായി ബന്ധപ്പെട്ട് ഈ മാസം 29 മുതൽ ജൂൺ 12 വരെ ഖാരിഫ് വിളകളെ സംബന്ധിച്ച് കർഷകർക്ക് അറിവ് പകരുന്നതിനായി പ്രചാരണം നടത്തുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പ്രചാരണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മന്ത്രി ഇന്ന് വിവിധ സംസ്ഥാനങ്ങളിലെ കൃഷി മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തും. രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ നിർണയക ഘടകമാണ് കർഷകരെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************

HEADLINE-3

## SC ONERANKONEPENSION

വിരമിച്ച എല്ലാ ജഡ്ജിമാർക്കും വൺ റാങ്ക് വൺ പെൻഷൻ തത്ത്വം ബാധകമാണെന്ന് സുപ്രീം കോടതി. ഒരേ റാങ്കിൽ ഒരേ സർവ്വീസ് കാലയളവ് പൂർത്തിയാക്കി വിരമിച്ച എല്ലാവർക്കും വിരമിക്കൽ തീയതി പരിഗണിക്കാതെ ഒരേ പെൻഷൻ നൽകുന്ന പദ്ധതിയാണ് വൺ റാങ്ക് വൺ പെൻഷൻ. വിരമിച്ച എല്ലാ ഹൈക്കോടതി ജഡ്ജിമാർക്കും തുല്യമായ പെൻഷന് അർഹതയുണ്ടെന്നും സുപ്രീം കോടതി വിധിച്ചു.

**********************

## EAM - NETHERLANDS VISIT

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ആറ് ദിവസത്തെ പര്യടത്തിനിന്റെ ഭാഗമായി അദ്ദേഹം നെതർലാൻഡ്സ്, ഡെൻമാർക്ക്, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. മൂന്ന് രാഷ്ട്രത്തലവൻമാരുമായി കൂടിക്കാഴ്ച നടത്തുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*********************

**HEADLINE-4**

## CM (INTRO)

ഭേദചിന്തയില്ലാത്ത സമൂഹത്തെ സൃഷ്ടിച്ചാൽ മാത്രമേ നവകേരളം സാധ്യമാകൂവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തൃശൂർ പുഴയ്ക്കലിൽ കലാ-സാംസ്കാരിക പ്രവർത്തകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ മുന്നേറ്റത്തിനായി പ്രവർത്തിക്കുന്നവർക്ക് ഉത്തേജനം പകരുന്ന നിലപാടുകളാണ് കേരളത്തിന്റെ സാംസ്കാരിക രംഗം എക്കാലവും സ്വീകരിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

*********************

## GOYAL-GeM

കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ മാർക്കറ്റ് പ്ലാറ്റ്ഫോമായ - ജെം - പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വികസിത് ഭാരത് 2047 എന്ന ദർശനത്തിന്റെ ഒരു പ്രധാന ഘടകമായി മാറിയെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ഒരു ഇംഗ്ലീഷ് ദിനപത്രത്തിൽ എഴുതിയ ലേഖനത്തിനാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. 'ജെം' പ്രായോഗിക തടസ്സങ്ങൾ കുറയ്ക്കുകയും അഴിമതി ഇല്ലാതാക്കുകയും

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ശാക്തീകരിക്കുകയും ചെയ്യുവെന്ന് ശ്രീ ഗോയൽ പറഞ്ഞു.

*********************

## UNEXPLODED SHELLS

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിലെ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള വിവിധ ഗ്രാമങ്ങളിൽ സുരക്ഷാ സേന പരിശോധനകൾ തുടരുന്നു. ജനവാസ മേഖലയിൽ, സുരക്ഷാ സേന കണ്ടെത്തിയ 42 ഷെല്ലുകൾ നശിപ്പിച്ചു. ജുല്ലാസ്, സലോത്രി, ധരതി, സലാനി എന്നീ അതിർത്തി പ്രദേശങ്ങളിൽ നിന്നാണ് ഇവ കണ്ടെത്തിയത്.

*********************

## MEASLES RUBELLA

മീസൽസ്, റൂബെല്ല രോഗങ്ങളുടെ നിവാരണം ലക്ഷ്യമിട്ട് 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിനായുള്ള രണ്ടാഴ്ചത്തെ പ്രത്യേക ക്യാമ്പയിന് തുടക്കം. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പ്രത്യേക ക്യാമ്പയിൻ നടത്തുക. മറ്റ് 8 ജില്ലകളിൽ വാക്സിനേഷൻ കവറേജ് കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപന തലത്തിലുള്ള ക്യാമ്പയിനാണ് സംഘടിപ്പിക്കുന്നത്.

*********************

## KOZHIKODE FIRE (INTRO)

കോഴിക്കോട് പുതിയ ബസ്റ്റാന്റ് കെട്ടിടത്തിൽ ഉണ്ടായ തീപിടിത്തത്തെ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ആരുടെയെങ്കിലും

ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടിയുണ്ടാകുമെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

അതേസമയം, പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഇന്നലെ വൈകിട്ടുണ്ടായ തീ പിടുത്തിൽ വിവിധ വകുപ്പുകൾ പരിശോധനകൾ തുടങ്ങി. സംഭവത്തിൽ കസബ പോലീസ് കേസെടുത്തു.

*********************

HEADLINE-5

## IMD WEATHER

കേരള, കർണാടക, കൊങ്കൺ, ഗോവ, ഇന്ത്യൻ ഉപദ്വീപിനോട് ചേർന്നുള്ള ഇടങ്ങളിൽ അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ മുതൽ മലപ്പുറം വരെ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ അതിശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശം.

*********************

HEADLINE-6

## KHELO INDIA

ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടന പതിപ്പ് ഇന്ന് ദിയുവിലെ ഗോഗ്ല ബീച്ചിൽ ആരംഭിക്കും. രാജ്യത്തുടനീളമുള്ള 1000-ത്തിലധികം അത്‌ലറ്റുകൾ മത്സരിക്കും. ബീച്ച് സോക്കർ,

ബീച്ച് വോളിബോൾ, ബീച്ച് കബഡി, ഓപ്പൺ വാട്ടർ നീന്തൽ തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ.

*********************

## CRICKET - IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സും സൺറൈസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ തോൽപ്പിച്ച് ഗുജറാത്ത് ടൈറ്റൻസ് പ്ളേ ഓഫിൽ പ്രവേശിച്ചു.

*********************

## ICG OPERATION OLIVIA

വംശനാശഭീഷണി നേരിടുന്ന ഒലിവ് റിഡ്ലി കടലാമകളെ സംരക്ഷിക്കാൻ ഓപ്പറേഷൻ ഒലിവിയ എന്ന പേരിൽ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ്. നിയമവിരുദ്ധ മത്സ്യബന്ധനം, വല കുരുങ്ങൽ, ആവാസവ്യവസ്ഥയുടെ തകർച്ച എന്നിവയാൽ ഭീഷണി നേരിടുന്ന കടലാമകളുടെ, നിലനിൽപ്പ് ഉറപ്പാക്കുകയാണ് ഓപ്പറേഷൻ ഒലിവിയയുടെ ലക്ഷ്യം.

*********************

## BALOCHISTAN - BLAST

പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലെ ഒരു മാർക്കറ്റിന് സമീപം ബോംബ് സ്ഫോടനത്തിൽ നാല് പേർ കൊല്ലപ്പെട്ടു. 20 പേർക്ക് പരിക്കേറ്റു. ബലൂചിസ്ഥാനിലെ കില്ല അബ്ദുള്ള ജില്ലയിലെ ജബ്ബാർ മാർക്കറ്റിന് സമീപത്താണ് സ്ഫോടനം നടന്നത്. സ്ഫോടനത്തിൽ വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിച്ചതായാണ് റിപ്പോർട്ട്.

*********************

## HANUMAN STATUE - IN GUYANA

ഗയാനയിലെ സ്പാർട്ടയിൽ ഒരു ക്ഷേത്രത്തിൽ 16 അടി ഉയരമുള്ള ഹനുമാൻ പ്രതിമ സ്ഥാപിച്ചു. ഇന്ത്യയിൽ നിന്നാണ് പ്രതിമ എത്തിച്ചത്.

*********************

## REV. MAHA-ACCIDENT

മഹാരാഷ്ട്രയിലെ, മുംബൈ-ഗോവ ഹൈവേയിൽ രത്നഗിരിക്ക് സമീപം ജഗ്ബുദി നദിയിലേക്ക് കാർ മറിഞ്ഞ് അഞ്ച് പേർ മരിച്ചു. ഡ്രൈവർക്ക് ഗുരുതരമായി പരിക്കേറ്റു. മുംബൈയിൽ നിന്ന് ദേവ്രുഖിലേക്ക് പോകുകയായിരുന്ന കാർ നിയന്ത്രണം നഷ്ടപ്പെട്ട് നദിയിലേക്ക് മറിയുകയായിരുന്നു.

*********************

## MALAPPURAM-TIGER

മലപ്പുറത്ത് ടാപ്പിങ് തൊഴിലാളിയെ കൊന്നത് 12 വയസ്സുള്ള ആൺകടുവയെന്ന് നിഗമനം. വനം വകുപ്പ് സ്ഥാപിച്ച കാമറയിൽ പതിഞ്ഞ ദൃശ്യത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥിരീകരണം. വനം വകുപ്പിന്റെ കണക്കുകളിലുള്ള സൈലന്റ് വാലി ബഫർ സോണിൽ ഉൾപ്പെടുന്ന കടുവയാണിത്. കടുവയെ പിടികൂടാനുള്ള വനം വകുപ്പിന്റെ ശ്രമം തുടരുകയാണ്.

*********************

## PLUS TWO RESULTS

രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം ഈ മാസം 22ന് പ്രഖ്യാപിക്കും. നാലു ലക്ഷത്തി നാൽപത്തി നാലായിരത്തി എഴുന്നൂറ്റി ഏഴ്

വിദ്യാർത്ഥികളാണ് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യത്. ഒന്നാം വർഷ പരീക്ഷാ ഫലം അടുത്ത മാസം പ്രസിദ്ധീകരിക്കും.

*

************

******************************